**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**അഡിഷണൽ ഡയറക്ടറുടെ (പൊതുജനാരോഗ്യം) നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം- ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. സുരേഷ് കെ. സമർപ്പിച്ച ഒ.എ. (EKM) നം. 129/2026 - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30-01-2026-ലെ ഒ.എ. (EKM) നം. 129/2026 ഉത്തരവ്.
2. ശ്രീ. സുരേഷ് കെ. ഹെൽത്ത് ഇൻസ്പെക്ടർ, എഫ്.എച്ച്.സി വണ്ണമട സമർപ്പിച്ച 27-01-2026-ലെ നിവേദനം
3. A7/647/2026 ജി മെ ഒ തീയതി 13/03/2026

**ഉത്തരവ് നം:** DHS/2686/2026-EG4 **തീയതി:** 11-03-2026

---

പാലക്കാട് ജില്ലയിലെ വണ്ണമട ഫാമിലി ഹെൽത്ത് സെന്ററിൽ ഹെൽത്ത് ഇൻസ്പെക്ടറായി ജോലി ചെയ്തുവരുന്ന ശ്രീ. സുരേഷ് കെ., തന്നെ അഗളിയിലേക്ക് സ്ഥലം മാറ്റണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ. (EKM) നം. 129/2026 ഫയൽ ചെയ്തിരുന്നു. തന്റെ സീനിയോറിറ്റി മറികടന്നുകൊണ്ട് ജൂനിയറായ ഒരു ഉദ്യോഗസ്ഥനെ അഗളിയിലേക്ക് നിയമിച്ചു എന്നതായിരുന്നു ഹർജിക്കാരന്റെ പ്രധാന പരാതി.

സൂചന (1) പ്രകാരം ഈ കേസ് പരിഗണിച്ച ബഹുമാനപ്പെട്ട ട്രൈബ്യൂണൽ, ഹർജിക്കാരൻ രണ്ടാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് to consider and pass orders on the said representation in which he has pointed out his grievances,within a period of three weeks from the date of receipt of a copy of this order എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സൂചന (3) പ്രകാരം പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ലഭ്യമായ റിപ്പോർട്ടിൽ കല്ലടിക്കോട്, മുണ്ടൂർ, അഗളി എന്നി സ്ഥാപനങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ ഒഴിവില്ല എന്നും ടി സ്ഥാപനങ്ങളിൽ ആദ്യം വരുന്ന ഒഴിവിലേക്ക് ശ്രീ സുരേഷ് കെ യെ പരിഗണിക്കാവുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്

ബഹുമാനപ്പെട്ട ട്രൈബ്യൂണൽ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി, പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യം) താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു:

ശ്രീ സുരേഷ് കുമാർ കെ യുടെ പരാതിയിലെ വസ്തുതകൾ കണക്കിലെടുത്തുകൊണ്ട് ഹർജിക്കാരൻ ആവശ്യപ്പെട്ട കല്ലടിക്കോട്, മുണ്ടൂർ, അഗളി എന്നീ സ്ഥലങ്ങളിൽ ഇനി ഒഴിവു വരുന്ന മുറയ്ക്ക പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങളും സീനിയോറിറ്റിയും പാലിച്ചുകൊണ്ട് ശ്രീ. സുരേഷ് കെ.യുടെ അപേക്ഷ പരിഗണിക്കേണ്ടതാണ്

ഇപ്രകാരം സൂചന (1) പ്രകാരം ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച വിധി അനുപാലനം ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു

Digitally signed by
Reetha K P
Date: 11-03-2026
16:40:11

DR. REETHA. K.P

ADDITIONAL DIRECTOR OF HEALTH SERVICES

സ്വീകർത്താവ്:-

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം )

പാലക്കാട്

പകർപ്പ്:-

1.ശ്രീ. സുരേഷ് കെ., ഹെൽത്ത് ഇൻസ്പെക്ടർ, ഫാമിലി ഹെൽത്ത് സെന്റർ, വണ്ണമട, പാലക്കാട്.